എൻ.ആർ.എച്ച്.എം. ഹോമിയോ ആയുർവ്വേദ ഡിസ്പെൻസറികളിലെ ദിവസവേതന അറ്റൻഡർമാർ

145 (5497) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ എൻ.ആർ.എച്ച്.എം. ഫണ്ടിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന ഹോമിയോ ആയുർവ്വേദ ഡിസ്പെൻസറികളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള അറ്റൻഡർമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) എൻ.ആർ.എച്ച്.എം. ഫണ്ടിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന ഹോമിയോ ആയുർവേദ ഡിസ്പെൻസറികളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള അറ്റന്റർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടിയെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

പദ്ധതി ചെലവ്

146 (5498) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 -15 വർഷത്തെ മാർച്ച് 31-ന് അവസാനിക്കുമ്പോൾ പദ്ധതിയിനത്തിലെ ചെലവ് 36.73% മാത്രമാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അപ്രകാരം സംഭവിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം ഉണ്ടായ വീഴ്ചയുടെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 വർഷത്തെ മാർച്ച് 31 അവസാനിക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിനത്തിലെ ചെലവ് 67.27% ആണ്. വിശദവിവരം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	സ്ഥാപനങ്ങൾ	ശതമാനം
1	ജില്ലാ പഞ്ചായത്ത്	67.04
2	ബ്ലോക്ക് പഞ്ചായത്ത്	83.69
3	മുനിസിപ്പാലിറ്റി	62.84
4	കോർപ്പറേഷൻ	52.61
5	ഗ്രാമപഞ്ചായത്ത്	67.38
	ആകെ	67.27

LIBRARY ARCHIVES Kerala Legislative Assembly